# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 982** **10.06.2019 ലെ മറുപടി**

## ഇറിഗേഷൻ ഭൂമിയിൽ പകൽവീട് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഇറിഗേഷൻ ഭൂമിയിൽ നടത്തിവന്ന പകൽവീട് നിർമ്മാണം തുടരുന്നതിനായി സ്ഥലം എം. എൽ. എ. നൽകിയ നിവേദനം 20.12.2018-ന് 1302/M(WR)VIP/2018 എന്ന നമ്പർ പ്രകാരം ചീഫ് എഞ്ചിനീയർ (I&A) ക്ക്അയച്ച് കൊടുത്തതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;<br><br>(ബി) പ്രസ്തുത ഫയലിന്റെ നാൾവഴി നടപടിക്രമങ്ങൾ വിശദമാക്കാമോ? | (എ) യും (ബി) യും<br>ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഇറിഗേഷൻ ഭൂമിയിൽ നടത്തിവന്ന പകൽ വീട് നിർമ്മാണം തുടരുന്നതിനായി സ്ഥലം എം.എൽ.എ നൽകിയ നിവേദനം ചീഫ് എഞ്ചിനീയർ(ഐ&എ)യുടെ ഓഫീസിൽ നിന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട് I - ന് തുടർനടപടികൾ സ്വീകരിക്കുന്നതിനായി 16.01.2019-ന് നൽകുകയുണ്ടായി. 05.02.2019-ലെ മേലെഴുത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കാനായി ഈ നിവേദനം സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാടിന് നൽകുകയുണ്ടായി. മേൽ സർക്കിൾ ഓഫീസിൽ നിന്നും റിപ്പോർട്ടിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാഞ്ഞിരപ്പുഴ ഇറിഗഗേഷൻ പ്രൊജക്ട് ഡിവിഷൻ നം.1 കാഞ്ഞിരപ്പുഴ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ട് സബ് ഡിവിഷൻ നം.1 ഒറ്റപ്പാലം എന്നീ കാര്യാലയങ്ങളിലേക്ക് അയച്ചിരുന്നു. തുടർന്ന് 06.06.2019-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ പ്രോജക്ട് I ന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**